## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 998** **20.03.2012-ൽ മറുപടിക്ക്.**

## ഗ്രന്ഥശാലാ സംഘത്തിന് സർക്കാർ ഗ്രാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ശ്രീ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ<br>വകുപ്പ് മന്ത്രി ) |

(എ) ഗ്രന്ഥശാലാ സംഘത്തിന് ഈ വർഷം സർക്കാർ ഗ്രാന്റ് അനുവദിക്കാത്തതിനാൽ സംഘത്തിനുണ്ടായിട്ടുള്ള പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ആറായിരത്തോളം വരുന്ന ഗ്രാമീണ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ ഇത് എപ്രകാരം ബാധിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) പുതിയ പുസ്തകങ്ങളുടെ വാങ്ങലും ജില്ലാതലത്തിലുള്ള പുസ്തക പ്രദർശനങ്ങളും ഇതുമൂലം തടസ്സപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(എ) & (ബി) & (സി) കേരള സംസ്ഥാന ഗ്രന്ഥശാലാ സംഘത്തിന് 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 55,00,000/- രൂപ (അൻപത്തിയഞ്ച് ലക്ഷം രൂപ മാത്രം) 24.11.2011-ലെ സ.ഉ.(സാധാ) നം.1888/2011/ഉവിവ, 01.02.2012 –ലെ സ.ഉ.(സാധാ) നം.231/2012/ഉവിവ എന്നീ ഉത്തരവുകൾ പ്രകാരവും പദ്ധതിയേതര ഇനത്തിൽ 10,12,50,000/- രൂപ (പത്ത് കോടി പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) 05.09.2011 –ലെ സ.ഉ.(സാധാ) നം.1420/2011/ഉവിവ, 24.02.2012-ലെ സ.ഉ.(സാധാ)നം.365/ 2012/ഉവിവ ഉത്തരവുകൾ പ്രകാരവും സർക്കാർ ഗ്രാന്റായി അനുവദിച്ചു നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.